**Athmaraksha.org**

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## മനുഷ്യന്റെ വിനാശങ്ങളിൽ കരയുന്ന ദൈവം: പാപ്പാ ഫ്രാൻസിസിന്റെ വചനവിചാരം



ഒക്ടോബർ 27ാം തിയതി രാവിലെ പേപ്പൽ വസതി, സാന്താ മാർത്തയിലെ കപ്പേളയിൽ അർപ്പിച്ച ദിവ്യബലിമദ്ധ്യേയാണ് പാപ്പാ ഇങ്ങനെ ചിന്തകൾ പങ്കുവച്ചത്. വിശുദ്ധ ലൂക്കായുടെ സുവിശേഷം 13ാം അദ്ധ്യായത്തിൽ (31മുതൽ 35വരെയുള്ള വാക്യങ്ങളിൽ) തന്റെ ജീവിതദൗത്യം പൂർത്തീകരിക്കുന്നതു മുൻപ് ക്രിസ്തു ജറുസലേമിനെ ഓർത്തു വിലപിച്ച ഭാഗം ഉദ്ധരിച്ചുകൊണ്ടാണ് പാപ്പാ ചിന്തകൾ പങ്കുവച്ചത്.

അകാരണമായി തന്നെ കൊല്ലാൻ ശ്രമിക്കുന്നവർക്കും, കുറ്റമാരോപിക്കുന്ന യഹൂദ പ്രമാണികൾക്കും എതിരെ കാർക്കശ്യത്തോടെയും മാനുഷികമായും പ്രതികരിച്ച ക്രിസ്തു, ഹേറോദേസിന്റെ കുതന്ത്രം കണ്ട് അയാളെ 'കുറുക്കൻ' എന്നു വിളിച്ചു. എന്നാൽ മറുഭാഗത്ത് ജറുസലേം നഗരത്തിന്റെ ക്ലേശങ്ങൾ കണ്ട് അവിടുന്നു വിലപിച്ചു (ലൂക്കാ 13, 31-35) "അപ്പോൾതന്നെ ചില ഫരിസേയർ വന്ന് അവനോടു പറഞ്ഞു: ഇവിടെ നിന്നു പോവുക; ഹേറോദേസ് നിന്നെകൊല്ലാൻ ഒരുങ്ങുന്നു. അവൻ പറഞ്ഞു: നിങ്ങൾ പോയി ആ കുറുക്കനോടു പറയുവിൻ: ഞാൻ ഇന്നും നാളെയും പിശാചുക്കളെ പുറത്താക്കുകയും രോഗശാന്തി നൽകുകയും ചെയ്യും. മൂന്നാംദിവസം എന്റെ ദൗത്യം ഞാൻ പൂർത്തിയാക്കിയിരിക്കും. എങ്കിലും ഇന്നും നാളെയും മറ്റന്നാളും ഞാൻ എന്റെ യാത്ര തുടരേണ്ടിയിരിക്കുന്നു. എന്തെന്നാൽ, ജറുസലെമിനു പുറത്തുവച്ച് ഒരു പ്രവാചകൻ നശിക്കുക സാധ്യമല്ല. ജറുസലേം, ജറുസലേം, പ്രവാചകൻമാരെ കൊല്ലുകയും നിന്റെ അടുത്തേക്ക് അയയ്ക്കപ്പെടുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, പിടക്കോഴി കുഞ്ഞുങ്ങളെ ചിറകിൻകീഴ് ചേർത്തു നിർത്തുന്നതുപോലെ നിന്റെ സന്താനങ്ങളെ ഒന്നിച്ചു ചേർക്കുന്നതിന് ഞാൻ എത്രയോ പ്രാവശ്യം ആഗ്രഹിച്ചു! പക്ഷേ, നിങ്ങൾ സമ്മതിച്ചില്ല. ഇതാ, നിങ്ങളുടെ ഭവനം പരിത്യക്തമായിരിക്കുന്നു. ഞാൻ നിങ്ങളോടു പറയുന്നു, കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ എന്നു നിങ്ങൾ പറയുന്നതുവരെ നിങ്ങൾ എന്നെ കാണുകയില്ല".

തന്നെ കെണിയിൽ വീഴ്ത്തി കൊല്ലാൻ ഒരുങ്ങുന്ന പ്രതിയോഗികളോടും, ചുറ്റുമുള്ള തിന്മയുടെ യാഥാർത്ഥ്യങ്ങളോടും മാനുഷികമായി പ്രതികരിച്ച ക്രിസ്തു, ഉടനെ തന്റെ ദൈവികമായ കരുണാർദ്രഭാവം വാക്കുകളിൽ പ്രകടമാക്കി. ജറുസലേം നിവാസികളെ ഓർത്തു ക്രിസ്തു

വിലപിച്ചത് ദൈവപിതാവിന്റെ സ്നേഹം തന്നെയാണ്. പാപ്പാ വ്യാഖ്യാനിച്ചു.

'പ്രാവചകന്മാരെ കല്ലെറിയുകയും കൊല്ലുകയുംചെയ്ത നഗരമേ, നിങ്ങളെ ഐക്യത്തിലും സമാധാനത്തിലും നയിക്കാൻ എത്രയേറെ ഞാൻ ആഗ്രഹിച്ചു' (ലൂക്ക 13, 34). സമാധാനം നഗരത്തിൽനിന്നും, ജനങ്ങളിൽനിന്നും വിദൂരത്താണല്ലോ, എന്ന് ഓർത്താണ് ക്രിസ്തു വിലപിച്ചത്, വചനപ്രഭാഷണത്തിൽ പാപ്പാ ചൂണ്ടിക്കാട്ടി. മകന്റെ തിരിച്ചുവരവിനായി പുരമുകളിൽ കയറി കണ്ണുംനട്ട് നോക്കി ഇരിക്കുകയും, അവന്റെ അവസ്ഥയെ ഓർത്ത് വേദനതിന്നുന്ന സ്നേഹാർദ്രനായ പിതാവിന്റെ ചിത്രം വാക്കുകളിൽ പാപ്പാ ഫ്രാൻസിസ് വിവരിച്ചു. മനുഷ്യർ ഇന്ന് ലോകത്ത് കാരണമാക്കുന്ന യുദ്ധത്തിന്റെയും പ്രകൃതി ദുരന്തങ്ങളുടെയുംമദ്ധ്യേ വേദനിച്ചു കരയുന്ന പിതാവാണ് ദൈവം! പാപ്പാ ഉദ്ബോധിപ്പിച്ചു.

പണത്തെ പൂവിട്ട് ആരാധിക്കുന്നവർ കാരണമാക്കുന്ന യുദ്ധങ്ങളും, മനുഷ്യന്റെ ആർത്തിയും ഇന്ന് ലോകത്ത് വരുത്തിവയ്ക്കുന്ന പ്രകൃതി വിനാശങ്ങളുമെല്ലാം കണ്ട് പിതാവായ ദൈവം കേഴുന്നുണ്ട്. മനുഷ്യൻ മനുഷ്യനെ ചൂഷണംചെയ്യുകയും, നാടുകടത്തുകയും, അടിമയാക്കുകയും, ദാരിദ്ര്യത്തിൽ ആഴ്ത്തുകയും ചെയ്യുന്ന ഇന്നിന്റെ അനീതിയും അധർമ്മവും കണ്ട് ദൈവം വിണ്ണിൽ ഇരുന്നു വിലപിക്കുന്നുണ്ടെന്ന് ഖേദപൂർവ്വം പ്രസ്താവിച്ചുകൊണ്ടാണ് പാപ്പാ വചനസമീക്ഷ ഉപസംഹരിച്ചത്. (മദ്ധ്യേ ഇറ്റലിയിലെ മാർക്കെ മച്ചരാത്ത പ്രദേശത്ത് തലേനാൾ വൈകുന്നേരം ഉണ്ടായ ഭൂകമ്പ ദുരിതവും, അവിടത്തെ ജനങ്ങൾ സഹിക്കുന്ന ക്ലേശങ്ങളും വിഷമതകളും മനസ്സിൽ ഒതുക്കി ആയിരുന്നിരിക്കണം പാപ്പാ ഫ്രാൻസിസ് ഇങ്ങനെ ചിന്തകൾ പങ്കുവച്ചത്).

കടപ്പാട്: ml.radiovaticana.va